little KITEs

# സെന്റ്. റീത്താസ് H.S

## പൈങ്കുളം



# ആശംസ



കലാലയ ജീവിതത്തിൽ

പഠനത്തോടൊപ്പം കുട്ടികളിലെ സർഗ്ഗാത്മക

കഴിവുകളെക്കൂടി പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

ലിറ്റിൽ കൈറ്റിന്റെ ഭാഗമായ ഈ ഡിജിറ്റൽ മാഗസിൻ കുട്ടികളിലെ

കലാപരമായ കഴിവുകളെ വളർത്തുന്നതോടൊപ്പം നൂതന സാങ്കേതിക

വിദ്യയിലൂടെ മിഴിവാർന്നതായി അവതരിപ്പിക്കുവാൻ വേദിയൊരുക്കുന്നു.

ഈ ഉദ്യമത്തിൽ എല്ലാ വിദ്യാർത്ഥികളെയും വേണ്ട നിർദ്ദേശങ്ങൾ നൽകി

അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.

ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു .

**സി. ലിസി ജോസഫ് എസ്. എച്ച്**


*ഹെഡ്മിസ്ട്രസ്സ്*

# എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| രക്ഷാധികാരി | - | സി. ലിസി ജോസഫ്<br>(ഹെഡ്മിസ്ട്രസ്) |
| മേൽനോട്ടം | - | ജിജോ.ജി. കോച്ചുപുര<br>സി. ലിസി പി. എം<br>(കൈറ്റ്മാസ്റ്റർ& മിസ്ട്രസ്) |
| ചീഫ് എഡിറ്റർ | - | അനുപമരാജ് |
| സബ് എഡിറ്റേഴ്സ് | - | മണികണ്ഠൻ വി എം<br>ജിതിൻ രാജു<br>അഭിയ രാജ്<br>അൻജിത് ജോർജ്ജ്<br>അജിത് ജോർജ്ജ് |

# മുത്തശ്ശി മാവ്

*ജിതിൻ രാജു*



"മഞ്ചാടികുന്നിലെ മുത്തശ്ശിമാവിൽ

ഇപ്പോൾ മാമ്പഴം നിറഞ്ഞുകാണും,

മുത്തശ്ശിയാ പറഞ്ഞത് ഇപ്പോൾ

മാമ്പഴകാലമാണെന്ന്. നിനക്കോർമ്മയിലേ കഴിഞ്ഞവർഷം നമ്മളവിടെ പോയത്? ആ കുട്ടികുരങ്ങനെ പറ്റിച്ച് മാമ്പഴം തിന്നത്, അണ്ണാരക്കണ്ണനുമായി ചങ്ങാത്തം കൂടിയത്,കല്ലെറിഞ്ഞാൽ കുരുവികൂട് തകരുമെന്ന് കരുതി ഞാൻ മരത്തിൽ കയറി കാൽവഴുതി വീണത്.. എന്ത് രുചിയായിരുന്നു ആ മാമ്പഴങ്ങൾക്ക്. നമുക്കിന്ന് അവിടെ പോയാലോ?" അപ്പു ആവേശത്തോടെ തൻെറ കൂട്ടുകാരി ദേവുവിനോട് ചോദിച്ചു? ദേവു പറഞ്ഞു."ഇല്ലില്ല ഞാൻ വരുന്നില്ല, അവിടെ കുറുക്കനും പാമ്പും ഉണ്ടെന്ന് അമ്മ പറഞ്ഞിട്ടുണ്ട്,നമുക്ക് പോവണ്ട." "നീ വരുന്നിലേൽ വരണ്ട. ഞാൻ പോകുവാ." അവൻ തിരിഞ്ഞോടി.

ദൂരെയാണ് മഞ്ചാടികുന്ന്. അവനൊരു തുണി സഞ്ചിയും കൂടെകൂട്ടി. മൂളിപ്പാട്ട്

പാടിയും, കാട്ടുപള്ളകൾ പറിച്ചും, ഓടിയും ചാടിയും, അവൻ മഞ്ചാടികുന്നിൻെറ താഴവരയിൽ എത്തി. താഴത്തു നിന്ന് നോക്കിയാൽ പോലും ഉയരവും വലുപ്പവുമുള്ള ആ മാവ് സാധാരണ കാണാമായിരുന്നു. പക്ഷെ, ഇന്നവനാമരം കാണാൻ സാധിച്ചില്ല. അവനോടി കുന്നിൻ മുകളിലെത്തി. ഒരു കുറ്റിയൊഴിച്ചാൽ മരം നിന്ന സ്ഥലം ശൂന്യം. അവൻെറ കണ്ണുകൾ നനയാൻ തുടങ്ങി. ആരൊക്കയോ ചേർന്ന് ആ മരം മുറിച്ചു മാറ്റിയിരുന്നു. അവൻ ചുറ്റും നോക്കി കുട്ടിക്കുരങ്ങനില്ല, അണ്ണാരക്കണ്ണനില്ല, കുരുവിക്കൂടുമില്ല. അവന് കണ്ണീർ തടയാനായില്ല. അവൻ തിരിഞ്ഞ് വീട്ടിലേക്കോടി.ഓടുന്ന വഴിക്ക് തട്ടിവീണ് മുട്ട് പൊട്ടിചോരയൊലിച്ചു. മുറ്റത്ത് ചെടിനനച്ചുകൊണ്ടിരുന്ന മുത്തശ്ശിയെ കരഞ്ഞുകൊണ്ട് കെട്ടിപിടിച്ച് അവൻ പറഞ്ഞു ."മുത്തശ്ശിമാവ് ആരോ കൊണ്ടുപോയി അമ്മമ്മേ...” മുത്തശ്ശിക്ക് കാര്യം മനസ്സിലായി. മുത്തശ്ശി അവനെ ആശ്വസിപ്പിച്ചു. മുറവിൽ മരുന്ന് വച്ചശേഷം അവൻ ഞങ്ങണയുമെടുത്ത് മരം മുറിച്ചവരെ തേടാനിറങ്ങി. എന്നാൽ മുത്തശ്ശി ഞാങ്ങണ കൈയ്യിൽ നിന്നും മാറ്റി രണ്ട് മാവിൻതൈ അവൻെറ കൈയ്യിൽ വെച്ചു കൊടുത്തു.



# പരിസ്ഥിതി കവിത

*മണികണ്ഠൻ വി എം*

മണ്ണും വിണ്ണും ജലവും മലിനമാക്കല്ലേ

ജീവിജലത്തിനായി

കേഴുവാനിടയാക്കല്ലേ

കാടില്ലെങ്കിൽ നാടില്ലെന്ന കാര്യം

ഓർക്കണമെപ്പോഴും

കാടിനെ നശിപ്പിക്കുമ്പോൾ

കാനനച്ചോല വറ്റീടും

നാടും വേഗം നശിച്ചീടും

നാമതറിയാൻ വൈകീടും

കലവസ്ഥയും കീഴ്മേൽ

കാലാകാലം മറഞ്ഞീടും



മഴ വന്നേ മഴ വന്നേ

മഴക്കാലം വന്നല്ലോ




എല്ലാവർക്കും സന്തോഷം

തവളകൾ ചാടിക്കളിക്കുന്നേ

മയിലുകൾ നൃത്തം വയ്ക്കുന്നേ

പുഴയും കുളവും നിറയുന്നേ

കുട്ടികൾ ചാടി രസിക്കുന്നേ

പക്ഷികൾ പാട്ടുകൾ പാടുന്നേ

പൂച്ചകൾ മ്യാവൂ മ്യാവൂ കരയുന്നേ

മഴക്കാലം വന്നപ്പോൾ

എല്ലാവർക്കും സന്തോഷം

*ആൻമരിയ റ്റിസറന്റ്*

# അനുസരണക്കേട് വരുത്തിയ വിന

*അജിത് ജോർജ്ജ്*



അന്ന് ഒരു ഞായറാഴ്ച്ചയായിരുന്നു. മണിക്കുട്ടന് വല്ലാത്ത സന്തോഷം. അമ്മ ജോലിക്ക് പോകുമ്പോൾ ചക്കരമാവിൻെറ ചുവട്ടിലെത്തണം. അവിടെ തൻെറ കൂട്ടുകാരെല്ലാം അപ്പോഴേക്കും വന്നിട്ടുണ്ടാവും. പക്ഷേ അമ്മക്ക് താൻ പോകുന്നത് ഇഷ്ടമല്ല. അമ്മ പോകാൻ നേരത്ത് മണിക്കുട്ടനെ വിളിച് പറഞ്ഞു. “മോനേ അമ്മ ഇറങ്ങുകയാണ്. വാതിലടച്ച് അകത്തിരുന്ന് പഠിച്ചോളൂ” "ശരി അമ്മേ” മണിക്കുട്ടൻ നീട്ടി മൂളി. മണിക്കുട്ടൻ ശരി എന്ന് പറഞ്ഞെങ്കിലും അവൻ വേഗം പോയി വാതിൽ തുറന്ന് ചക്കരമാവിൻെറ അടിത്തെത്തി. അവിടെ മാവിൻെറ മുകളിൽ ഒരു പഴുത്ത മാമ്പഴം കണ്ടു. അവൻ ഒരു കല്ലെടുത്ത് മാമ്പഴത്തിൻെറ നേർക്ക് എറിഞ്ഞു. കല്ല് ഒരു കമ്പിൽ തട്ടി മണിക്കുട്ടൻെറ തലയിൽ വന്നുവീണു. മണിക്കുട്ടൻ ഉറക്കെ കരഞ്ഞു. അപ്പോൾ അതുവഴി ഒരു കൃഷിക്കാരൻ വന്നു. അദ്ദേഹം മണിക്കുട്ടനെ ആശുപത്രിയിൽ എത്തിച്ചു. മണിക്കുട്ടൻ ചിന്തിച്ചു. അമ്മ പറഞ്ഞത് അനുസരിക്കേണ്ടതായിരുന്നു. അപ്പോഴേക്കും വൈകുന്നേരമായി. അമ്മ വന്നു. ആശുപത്രിയിൽ എത്തിച്ചകാര്യം അയൽവക്കത്തെ പാർവതിചേച്ചി പറഞ്ഞു. മണിക്കുട്ടൻെറ അമ്മ വേഗം അശുപത്രിയിലേക്ക് പോയി. അമ്മ മണിക്കുട്ടനോട് പറഞ്ഞു "അമ്മ പറഞ്ഞതല്ലേ കളിക്കാൻ പോകണ്ടാന്ന്, പിന്നെ എന്തിനാ പോയത്?” “ഞാൻ ചെയ്തത് തെറ്റായിപ്പോയമ്മേ. എന്നോട് ക്ഷമിക്ക് അമ്മേ. ഞാൻ ഇനി ഒരിക്കലും അനുസരണക്കേട് കാണിക്കില്ലമ്മേ.”

# പ്രകൃതി

*അനശ്വര രാജ്*



ഭൂമിയിലെ സർവ സൗന്ദര്യങ്ങളും
ഒന്നുചേർന്ന് രൂപമെടുത്തപോലെ
ഈ അഴകിൻ മാറ്റുകൂട്ടിയത്
മരങ്ങൾ നൽകിയ പച്ചപ്പിതന്നെ
നിൻെറയീലാവണ്യത്തിന് മറ്റൊന്നും തുല്യമാകില്ല
സർവലക്ഷണവിമൊത്ത മനം കവരുന്ന
നിൻെറയീ ഭംഗിയ്ക്കു മാറ്റുക്കൂട്ടുവാൻ
പക്ഷി മൃഗാദികളും സസ്യലതാതികളും

# രാത്രി

*ഗായത്രി അജോയ്*

പ്രകാശത്തിന്റെ നിഴലുകൾ മാഞ്ഞ് ഇരുട്ടിന്റെ കൺമഷി പരന്നു. നിലാവിൽ



കുളിച്ചുനിൽക്കുന്ന ചന്ദ്രൻ രാത്രിയുടെ കരിനീലമാനത്ത് കണ്ണ് ചിമ്മുന്ന താരാജാലം. ആഘോഷങ്ങളുടെ ആരവങ്ങളില്ലാതെ നിശബ്ദമായി ഒഴുകുന്ന രജനിയുടെ വശ്യസൗന്ദര്യത്തെ വെല്ലാൻ ആർക്കു കഴിയും? രജനിയുടെ കരിമാനത്ത് ഒരു വെള്ളപ്പൊട്ട്. ഇതു കാണുമ്പോൾ ഏതോ കണ്ണുകളാണോ എന്ന് തോന്നിപ്പോകുന്നു. രജനിയുടെ യാമത്തിൽ വെളിച്ചമേകാൻ ചെറിയ വിളക്കുകളുമായി മിന്നാമിന്നിക്കൂട്ടം ചന്ദ്രന്റെ ശോഭയും നക്ഷത്രത്തിളക്കവും രാത്രിക്കു നിറച്ചാർത്തേകി

# നല്ലവനായി മാറി

*അമൽ ആന്റണി*




ഒരു നാട്ടിൽ അനു, മനു എന്ന രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. അവർ ഒരേ ക്ലാസ്സിലായിരുന്നു പഠിച്ചത്. അനു വളരെ മിടുക്കനും, മനു മടിയനുമായിരുന്നു. അവർ അയൽക്കാരായിരുന്നു. ഒരു ദിവസം അവരുടെ പരീക്ഷാപേപ്പറുകൾ കിട്ടി. അനുവിന് എല്ലാ വിഷയങ്ങൾക്കും ഫുൾ മാർക്കായിരുന്നു. എന്നാൽ മനുവിന് മിക്ക വിഷയത്തിനും പൂജ്യമാണ് കിട്ടിയത്. എല്ലാ കുട്ടികളും മനുവിനെ കളിയാക്കി. അതവന് സഹിച്ചില്ല. അവൻ അനുവിനെ ചതിക്കാൻ നോക്കി. അനു അവന്റെ കൂട്ടുകാരനായ മനോജിന്റെ ബാഗിൽ നിന്നും പത്തു രൂപ കട്ടെടുത്തുവെന്ന് മനു ടീച്ചറിനോട് പറഞ്ഞു. എന്നാൽ ടീച്ചർ അത് വിശ്വസിച്ചില്ല. ടീച്ചർ എല്ലാവരുടെയും ബാഗുകൾതുറന്നു നോക്കി. ഒടുവിൽ മനുവിന്റെ ബാഗിൽ പൈസ കണ്ടെത്തി. എന്നാൽ ടീച്ചർ അവനെ കള്ളനാക്കിയില്ല. അവന് നല്ല മാർഗ്ഗം പറഞ്ഞു കൊടുത്തു. അന്നുമുതൽ മനു നല്ല കുട്ടിയായി.

## ആർക്കുവേണ്ടി

*അഖിൽ സിനു*

അമ്മയെന്നെ മാറോടു ചേർത്തു
നല്ലവാക്കോതിയ നാളുകൾ
എന്നും എൻ ഓർമ്മയിൽ സൂക്ഷിക്കുവാനായി
ദൈവം നൽകിയ സുന്ദരനാളുകൾ
ഒടുവിലാർക്കോ വേണ്ടി ഞാൻ തള്ളിപ്പറയവേ
കണ്ണീരോടമ്മ പടികടന്നപ്പോൾ എൻ
പിൻ വിളിക്കായമ്മ കാത്തിരുന്നു
കണ്ടില്ലെന്ന് ഭാവിച്ച് ഞാൻ തിരിഞ്ഞു
അവൾ തൻ കഷ്ടപ്പാടാണ് ഞാൻ
അന്ന് ഞാൻ അവൾക്കുനേരെ
കൊട്ടിയടച്ചോരീ വാതിൽ ഇന്ന്
എന്നെ നോക്കി തേങ്ങിക്കരയുന്നു
എന്നിലെ പൂമൊട്ട് വിരിയിക്കുവാനായി
എന്നിലെ വസന്തം തന്നൊരെന്നമ്മയെ
ഒടുവിലന്നാർക്കോവേണ്ടി
തള്ളിപ്പറയവേ ആ തെരുവീഥിയിൽ
കണ്ടു ഞാൻ എൻ അമ്മതൻ വേദനാ
ജനകമായവസ്ഥയിലപ്പോഴും കൈക്കു -
മ്പിളിൽ പിടിച്ചെൻ ബാല്യചിത്രം








*കൃഷ്ണ സുരേഷ്*

വെട്ടം വീണ കിഴക്കൻ ദിക്കിൽ

കുട്ടിക്കതിരേകാൻ ഉയരുന്നു

ഇല്ലിപ്പോൾ ഇരുളെങ്ങും നല്ലൊരു

വെള്ളിവെളിച്ചം നിറയുകയായി

നമ്മുടെ ചെവിയിൽ പറവകൾ തൻ സംഗീതം

വാലുമിളക്കി പൂവാലിപശു

വയലിൽ നിന്നു വിളിക്കുന്നു

ചേലെഴുമൊരു ചെറുമൊന്തയിലമ്മ

പാലു കറക്കുകയായ്

കൊതിയോടെ മതി മതി എന്ന്



വിലക്കി കൊച്ചു കിടാവുതുള്ളുന്നു

വടിയും എടുത്ത് വടക്ക് വശത്ത്

പടികളിറങ്ങി നടക്കുന്നച്ഛൻ

ഏറെ ജോലികൾ ചെയ്യാനുണ്ടിനി

ഞാനും സഞ്ചി അഴിക്കട്ടേ

നേരെ ജോലികൾ ചെയ്തിടാം

നേരം വെറുതെ കളയാതെ

# സ്വായത്തമാക്കാം നല്ല ശീലങ്ങൾ

*ആൻമരിയ ബിനോയി*

നന്നായി പുഞ്ചിരക്കാൻ



നന്നായി സ്നേഹിക്കാൻ

നന്നായി സംസാരിക്കാൻ

നന്നായി പെരുമാറാൻ

നന്നായി അഭിനന്ദിക്കുവാൻ



നന്നായി ബഹുമാനിക്കുവാൻ

നന്നായി ചിന്തിക്കുവാൻ

നന്നായി പഠിക്കുവാൻ



നന്നായി പ്രാർത്ഥിക്കുവാൻ

നന്നായി കരയുവാൻ

കഴിയുമോ എങ്കിൽ

വിജയം സുനിശ്ചിതം






ജിതിൻ രാജു

കേരളം പച്ചപ്പ് കൊണ്ട് നിറഞ്ഞു നിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. കുന്നുകളും മലകളും മരങ്ങളുമായി പലതരം പച്ചപ്പുകൾ. ഇതെല്ലാം കൊണ്ട് മനുഷ്യൻ സമ്പന്നനായിരുന്നു. എന്നാൽ അവന്റെ ആർത്തിമൂലം അവൻ ആപത്തിൽപോയി വീഴുകയാണിന്ന്. മനുഷ്യൻ മരങ്ങൾ വെട്ടി കുന്നുകൾ നിരത്തി അവിടെ ഫാക്ടറികൾ ഉണ്ടാക്കുന്നു. തെളിനീർ നിറഞ്ഞ പുഴകൾ പ്ലാസ്റ്റിക്ക് കൊണ്ട് മലിനമാകുന്നു. കുട്ടികൾക്ക് കുടിക്കുവാൻ പോലും അല്പം നല്ല വെള്ളമില്ല. ഇങ്ങനെ ഓരോന്നായി നശിപ്പിക്കുന്നതിനു പകരം മരങ്ങളും ചെടികളും നടുകയാണെങ്കിൽ പുഴകളിൽ മാലിന്യ നിക്ഷേപിക്കാതിരുന്നെങ്കിൽ നമ്മുടെ കേരളം പച്ചപ്പ് കൊണ്ട് സുന്ദരമായി മാറിയേനെ. ഒരു നല്ല നാളേയ്ക്കുവേണ്ടി നമ്മുക്ക് പ്രാർത്ഥിക്കാം. ഈ വിഷം നിറഞ്ഞ ലോകത്തിൽ നിന്നും എന്നാണ് നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത് എന്ന് അറിയുകയില്ല. ഈ വിഷം ഇല്ലായ്മ ചെയ്യാൻ വീടുകളിൽ കൃഷി ചെയ്യുക. ഒരോ കുട്ടിയും ഓരോ മരങ്ങൾ വീതം നടണം. എങ്കിൽ നമുക്ക് സന്തോഷമുള്ള ജീവിതം ലഭിക്കും. നാം നാളേക്കായി എന്തെങ്കിലും ചെയ്യണമെന്ന് വിചാരക്കുകയാണെങ്കിൽ അത് വിഷമില്ലാത്ത, സന്തോഷവും സമൃദ്ധിയും നിറഞ്ഞ കേരളം എന്ന വിചാരത്തോടെ ലക്ഷ്യത്തോടെ പ്രവർത്തിക്കാം. വിഷമുക്ത കേരളം എന്ന സ്വപ്നത്തിനായി കൈകോർക്കാം.

# വളർച്ചയ്ക്കു നേരെ കണ്ണുംനട്ട്

*ഗായത്രി അജോയ്*




അഞ്ച് കുഞ്ഞുങ്ങൾക്ക് ഭക്ഷണവും വെള്ളവും കൊടുത്ത് വിശ്രമിക്കാൻ ഇരുത്തിയിട്ടാണ് ഞാനെന്നും സ്കൂളിൽ പോകുന്നത്. തിരുച്ചെത്തിയാൽ ഞാനോടി അവരുടെ അടുത്തെത്തും. ചുറ്റും കഴുകൻ കണ്ണുകളുമായി നോക്കിയിരിക്കുന്നവരുണ്ടാവുമല്ലോ. എന്റെ കുഞ്ഞുങ്ങൾ സുരക്ഷിതരാണ് എന്നറിയുമ്പോൾ ഉണ്ടാകുന്ന സന്തോഷം ഒന്ന് വേറെതന്നെ.

കുഞ്ഞുങ്ങളുടെ വളർച്ച നോക്കിയിരിക്കുന്നവരാണ് എന്നോടൊപ്പം എൻെറ വീട്ടിലെല്ലാവരും. അവരൊന്നു വലുതായിട്ടുവേണം എനിക്ക് കുറെ നാടൻ മുട്ടകൾ കഴിക്കാൻ. കാരണം അഞ്ചു മാസം മുമ്പ് എൻെറ സ്കൂളിൽ നിന്ന് എനിക്കു കിട്ടിയ കോഴിക്കുഞ്ഞുങ്ങളാണവർ.




© CanStockPhoto.com - csp45931856

# കാണാതെ പോയ ജീവിതങ്ങൾ

*അനശ്വര രാജ്*

ദൈവത്തിൻെറ സ്രഷ്ടിയാണ് കുഞ്ഞുങ്ങൾ. കീടനാശിനി പരത്തുന്ന പലതരത്തിലുള്ള രോഗങ്ങൾ ബാധിച്ച് കിടന്ന കിടപ്പിൽ കഴിയുന്ന കുഞ്ഞുങ്ങൾ.



നമ്മുടെ മുന്നിൽ നിരവധിയാണ്. നിറകണ്ണുകളോടെ അവരെ ശുശ്രൂഷിക്കുന്ന അമ്മമാരുടെ ചങ്ക് പൊട്ടുന്ന വേദന കണ്ടില്ലെന്ന് നടിക്കാൻ നമുക്കാകുമോ? നാം തന്നെയാണ് പല മാറാരോഗങ്ങളുടെയും കാരണക്കാർ. പ്ലാസ്റ്റിക്ക് നിരോധിക്കുക, കേരളത്തിൽ അവശേഷിക്കുന്ന കുന്നുകളും വയലുകളും കാടുകളും പുഴകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടണം. അതിനുവേണ്ടി നാം ഓരോരുത്തരും ശ്രമിക്കണം.



little KITEs